# പ്രസിദ്ധീകരണങ്ങളെ സ്നേഹിച്ച പ്രവാചകൻ

ഈ മാസിക നിങ്ങളുടെ കൈയിൽ കിട്ടുമ്പോഴേയ്ക്കും വാര്യാപുരം യോഹന്നാച്ചായന്റെ ദേഹവിയോഗം എല്ലാവരും അറിഞ്ഞിരിക്കും. ആ കർത്തൃദാസന്റെ സേവനങ്ങളെക്കുറിച്ചുള്ള ഓർമ്മയുടെ ബഹുമാനാർത്ഥം ജ്യോതിമാർഗത്തിന്റെ ഒരു വിശേഷാൽ പതിപ്പ് ഞങ്ങളിറക്കുകയാണ്. ജ്യോതിമാർഗം മാസികയുടെ ആരംഭം മുതൽ അതിന്റെ വളർച്ചയ്ക്കുവേണ്ടി പ്രാർത്ഥിക്കയും പ്രവർത്തിക്കയും ചെയ്ത ഒരു അഭ്യുദയകാംക്ഷിയായിരുന്നു മാന്യ കർത്തൃദാസൻ. ജ്യോതിമാർഗം മാത്രമല്ല എല്ലാ ക്രിസ്തീയ പ്രസിദ്ധീകരണങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നു. ഞങ്ങൾ അദ്ദേഹത്തോട് സജീവബന്ധം പുലർത്തിയിരുന്നു. മിക്ക പ്രസിദ്ധീകരണങ്ങളും വരുത്തുമായിരുന്നു. പലരുടെയും ഭവനങ്ങളിൽ റാപ്പർ പൊട്ടിച്ചിട്ടില്ലാത്ത പ്രസിദ്ധീകരണങ്ങൾ കുന്നുകൂടുമ്പോൾ എല്ലാ പ്രസിദ്ധീകരണങ്ങളും വായിക്കുന്ന പ്രത്യേകത അനുകരണീയ മായിരുന്നു.

മനഃസ്സാക്ഷിയിൽ ചൂടുവച്ച് പ്രവചിക്കുന്ന വ്യാജ പ്രവാചകന്മാർ പലരും നമ്മുടെയിടയിൽ ഉള്ളപ്പോൾ ഉള്ളകാര്യം ഉള്ളതുപോലെ വെളിപ്പെടുത്തുന്ന പ്രത്യേകത യോഹന്നാച്ചനുണ്ടായിരുന്നു. ദൈവദാസനിൽ കൂടെ കേട്ട ദൂതുകളുടെ വെളിച്ചത്തിൽ എത്രയോ ആളുകൾ പൂർണസമയ സുവിശേഷകരായിത്തീർന്നു. ആയിരക്കണക്കിനാളുകൾ ഓരോ വിഷയങ്ങളുടെ വെളിച്ചത്തിൽ എങ്ങോട്ടു തിരിയണമെന്നറിയാതെ ജീവിതത്തിന്റെ നാൽക്കവലകളിൽ എത്തിയപ്പോൾ വ്യക്തമായ വഴി തിരഞ്ഞെടുക്കുവാൻ അദ്ദേഹത്തിൽ കൂടെയുള്ള ദൂതുകൾ പ്രചോദനമായിത്തീർന്നിട്ടുണ്ട്. ആയിരങ്ങൾ രോഗശാന്തിയും വിടുതലും തന്റെ ശുശ്രൂഷയിൽ അനുഭവിച്ചതിവിടെ ഓർക്കുന്നു. വിശുദ്ധജീവിതം അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. ദ്രവ്യാഗ്രഹം തൊട്ടുതീണ്ടിട്ടില്ല. ആവശ്യത്തിലിരിക്കുന്നവരെ കൈതുറന്ന് സഹായിക്കുമായിരുന്നു. പല കൃപാവരങ്ങളുടെയും കൂട്ടത്തിൽ സഹായം ചെയ്യുവാനുള്ള വരവും അദ്ദേഹത്തിനു ലഭിച്ചിരുന്നു. പല പ്രവാചകന്മാർക്കും സ്ഥലത്തും സ്ഥലം സഭയിലും സാക്ഷ്യം ഇല്ലായെന്നുള്ളത് ഒരു ദുഃഖസത്യമാണ്. അങ്ങനെയുള്ളവർ വളരെ ദൂരെ സ്ഥലങ്ങളിൽപോയി വലിയ ശുശ്രൂഷചെയ്യുന്നതായി അഭിമാനിച്ചു നടക്കുന്നു. എന്നാൽ മാതൃകർത്തൃദാസൻ തന്റെ സാക്ഷ്യം സഭയിലും ദേശത്തും നിലനിർത്തി. പത്തനംതിട്ട ജില്ലയിൽ വലിയ പ്രത്യേകതകൾ ഒന്നുമില്ലാത്ത ഒരു ഗ്രാമമായ വാര്യാപുരം ഇന്നു വിശ്വാസികളായ മലയാളികളുടെ ഇടയിൽ പ്രസിദ്ധമാണ്. വിശുദ്ധനായ ഇയ്യോബിന്റെ പേരിൽ ഊസ് ദേശവും മറിയയുടെയും മാർത്തയുടെയും പേരിൽ ബഥാന്യഗ്രാമവും അറിയപ്പെടുന്നതുപോലെ വാര്യാപുരം കർത്തൃദാസൻ യോഹന്നാച്ചായനാൽ അറിയപ്പെടുന്നു. അദ്ദേഹം ദേശത്തു നിലനിർത്തിയ സാക്ഷ്യം മകുടോദാഹരണമാണ്. കൂലിയ്ക്ക് പ്രവചിക്കാത്ത, പക്ഷം പിടിച്ച് പ്രവചിയ്ക്കാത്ത വ്യാജം പ്രവചിയ്ക്കാത്ത, മുഖംനോക്കാത്ത യോഹന്നാച്ചായനെപ്പോലുള്ള സത്യപ്രവാചകന്മാർ ദൈവജനത്തിന്റെ മദ്ധ്യേ ശുദ്ധീകരണത്തിന്റെയും ഐക്യത്തിന്റെയും കാഹളം ഊതുവാൻ എഴുന്നേൽക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

MGM Ministries-Article Source: Jyothimargom, April 1994, Vol. 11, No. 4, Page 2